**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4106** **03-03-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സാമ്പത്തിക വർഷം ലൈഫ് പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വകയിരുത്തിയ തുകയിൽ എത്രയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പഞ്ചായത്ത് പ്രദേശങ്ങളിലെ വീടില്ലാത്തവർക്ക് വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയ്ക്കൊപ്പം പാർപ്പിടവും നിർമ്മിച്ച നൽകാനുമായി റൂറൽ ലൈഫ് പാർപ്പിട പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | റൂറൽ ലൈഫ് പാർപ്പിട പദ്ധതിക്കായി ബന്ധപ്പെട്ട ശീർഷകത്തിൽ ആകെ 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഈ തുകയിൽ ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | 28.02.2023 വരെ 44.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | ലൈഫ് മിഷൻ ഒന്നാംഘട്ടം എപ്പോഴാണ് പ്രഖ്യാപിച്ചതെന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അന്തിമ പട്ടികയിൽ എത്ര പേരെ ഉൾപ്പെടുത്തിയെന്നും എത്രപേർക്ക് വീട് നൽകിയെന്നും വ്യക്തമാക്കാമോ; | (ഇ) | ഒന്നാംഘട്ടം - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം<br><br>ലൈഫ് ഭവന പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകര ണത്തിനായുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ 11.10.2017-ലെ സ.ഉ (എം.എസ്)196/2017/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്. ലൈഫ് ഒന്നാംഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ളവരും വീടിനായി ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത 54,116 ഭവനങ്ങളെ കണ്ടെത്തുക യാണുണ്ടായത്. ഇതിൽ |

| | | | |
|---|---|---|---|
| | | | 52,680 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (എഫ്) | ലൈഫ് മിഷൻ രണ്ടാം ഘട്ടം എപ്പോഴാണ് പ്രഖ്യാപിച്ചതെന്നും അന്തിമ പട്ടികയിൽ എത്ര പേരെ ഉൾപ്പെടുത്തിയെന്നും എത്രപേർക്ക് വീട് നൽകിയെന്നും വ്യക്തമാക്കാമോ; | (എഫ്) | <u>രണ്ടാംഘട്ടം - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം.</u><br><br>ലൈഫ് രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാരിന്റെ 06.02.2017-ലെ സ.ഉ (സാധാ) 328/2017/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിൽ 1,70,452 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ അർഹരായി കണ്ടെത്തിയ 1,02,542 ഗുണഭോക്താക്കളിൽ 99,784 ഗുണഭോക്താക്കൾ ഭവന നിമ്മാണത്തിനായി തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br><br>ഇതിനുപുറമെ അഡീഷണൽ ലിസ്റ്റ്, ലൈഫ് പി.എം.എ.വൈ. (ഗ്രാമീൺ), ലൈഫ് പി.എം.എ.വൈ. (അർബൺ), വിവിധ വകുപ്പുകൾ എന്നിവ മുഖേനയുള്ള 2,05,506 ഭവനങ്ങൾക്കുൾപ്പെടെ ആകെ 3,05,290 ഗുണഭോക്താക്കൾ രണ്ടാം ഘട്ടത്തിൽ ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 2,56,423 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 48,867 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |
| (ജി) | ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ? | (ജി) | <u>മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം.</u><br><br>ലൈഫ് മൂന്നാം ഘട്ടത്തിലേയും അഡീഷണൽ ലിസ്റ്റിലേയും ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 1,58,470 ഗുണഭോക്താക്കളിൽ സ്വന്തമായോ/ വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിച്ചുവന്ന 33246 ഗുണഭോക്താക്കളിൽ 28,732 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 19,394 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 9,338 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്.<br><br>കൂടാതെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും 28,277 ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിനായി കരാറിലേർ |

| | | | |
|---|---|---|---|
| | | | പ്പെട്ടിട്ടുണ്ട്.ഇപ്രകാരം ലൈഫ് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലും അഡീഷണൽ ലിസ്റ്റിലുമായി 01.03.2023 വരെ 3,28,497 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമെ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ലൈഫ് ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം 164 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമിവാങ്ങി നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തിയ 54 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാ സത്തിനായി ഭൂമികണ്ടെ ത്തുന്നതിനായി ലൈഫ് മിഷൻ ആരംഭിച്ച *മനസ്സോടിത്തിരിമണ്ണ്* ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 23.49 ഏക്കർ ഭൂമി തദ്ദേശസ്വയംഭര ണസ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്/വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ലൈഫ് മിഷന്റെ തനത് ശീർഷകങ്ങൾ | | | |
|---|---|---|---|
| ശീർഷകം | ബജറ്റ് വിഹിതം (തുക കോടിയിൽ) | സർക്കാർ അനുവദിച്ച് നൽകിയ തുക (കോടിയിൽ) | 28.02.2023 വരെയുള്ള ചെലവ് (തുക കോടിയിൽ) |
| 2217–80–800–62<br>ഹഡ്കോ ലോണിന്റെ പലിശ (അർബൻ) | 73.71<br>(66.75+6.96)* | 73.71 | 73.71 |
| 4217–60–051–95<br>ലൈഫ് ഭവന പദ്ധതി (അർബൻ) | 192.00 | 26.61 | 6.31 |
| 2515–00–102–30<br>ഹഡ്കോ ലോണിന്റെ പലിശ (റൂറൽ) | 207.07 | 185.77 | 185.77 |
| 4515–00–102–49<br>ലൈഫ് ഭവന പദ്ധതി (റൂറൽ) | 525.00 | 89.42 | 44.26 |
| **ആകെ** | **997.78** | **375.51** | **310.05** |

* 06.02.2023–ലെ സ.ഉ (ആർ.ടി) നം. 888/2023/ധന പ്രകാരം അധിക ധനാനുമതി മുഖേന അനുദിച്ച 6.96 കോടി രൂപ ഉൾപ്പെടെ,

| പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ വിഹിതം | | | |
|---|---|---|---|
| ശീർഷകം | ബജറ്റ് വിഹിതം (തുക കോടിയിൽ) | സർക്കാർ അനുവദിച്ച് നൽകിയ തുക (കോടിയിൽ) | 28.02.2023 വരെയുള്ള ചെലവ് (തുക കോടിയിൽ) |
| 2225–01–283–84<br>ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടികജാതി) | 300 | 300 | 56.56 |
| 2225–01–283–83<br>ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടികവർഗ്ഗം) | 140 | 140 | 86.40 |
| **ആകെ** | **440** | **440** | **142.96** |